(എഫ്) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ച് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

തണത്തറ പാലം പണി

180 (5885) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ച പെരുമ്പിലാവ്-നിലമ്പൂർ റോഡിലെ തണത്തറ പാലം പണിയുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ഇവിടെ നിലവിലുള്ള ഇടുങ്ങിയ പാലം തകർന്നു തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ പാലം പണിയുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) തണത്തറ പാലത്തിനു വേണ്ടിയുള്ള മണ്ണു പരിശോധന നടത്തിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ത്വരിതപ്പെടുത്തുന്നതാണ്.

മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

181 (5886) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മമ്പറം പാലത്തിനായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എന്തൊക്കെ അറ്റകുറ്റപ്പണികളാണ് നടത്തിയത് ; അതിനായി എത്ര തുക വിനിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) മമ്പറം പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; നടപടിയുടെ പുരോഗതി എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. * അതിനായി 21,92,180 രൂപ ചെലവായി.

(സി) മമ്പറത്ത് ശോച്യാവസ്ഥയിൽ ആയ പഴയ പാലത്തിനുപകരം നബാർഡ് ധനസഹായത്തോടെ പുതിയ പാലം പണിയുന്നതിന് 8-7-2010-ലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉത്തരവ് പ്രകാരം ഇൻ പ്രിൻസിപ്പൽ സാങ്ഷൻ നൽകിയിട്ടുണ്ട്. പത്തു കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു.

കല്ലേപ്പാലം, വെള്ളാംപാലം, കാർത്തികടവ് മണിയൻകൊല്ലിപ്പാലം എന്നിവയുടെ നിർമ്മാണം

182 (5887) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുണ്ടപ്പറമ്പ്-വെള്ളാട് റോഡിൽപ്പെട്ട കല്ലേപ്പാലം, വെള്ളാംപാലം, കാർത്തികടവ് റോഡിലെ മണിയൻ കൊല്ലിപാലം എന്നിവ നിർമ്മിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചുണ്ടപ്പറമ്പ് വെള്ളാട് റോഡിലെ കല്ലേപ്പാലത്തിന് 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗതിയിലാണ്. വെള്ളാംപാലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മണിയൻകൊല്ലി പാലം നിർമ്മാണത്തിന് 250 ലക്ഷം രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) കല്ലേപ്പാലത്തിന് ഭരണാനുമതി നല്കിക്കഴിഞ്ഞു. മണിയൻകൊല്ലി പാലം, വെള്ളാംപാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കോട്ടയം ഫ്ളൈ ഓവറിന്റെ പ്രവൃത്തികൾ

183 (5888) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ഫ്ളൈഓവറിന്റെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിലേക്കായി പ്രാഥമിക സർവ്വേ പൂർത്തിയായി റിപ്പോർട്ട് ലഭിച്ചോ ;

(സി) ലഭിച്ചുവെങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിൽ ആകെ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്റെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുവാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly